പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4686** **27. 06. 2014-** ലെ മറുപടി

## കുടിയേറ്റ നിയമങ്ങളുമായി ബന്ധപ്പെട്ട വൈഷമ്യങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.കെ. നാരായണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) കുടിയേറ്റ നിയമങ്ങളുമായി ബന്ധപ്പെട്ട് പ്രവാസി മലയാളികൾ വൈഷമ്യങ്ങൾ നേരിടുന്നതായി സർക്കാരിനറിയാമോ;<br><br>(ബി) ഇന്ത്യൻ എംബസികളുടെ ഇടപെടലുകൾ ഏറ്റവും പരിമിതവും കാര്യക്ഷമത കുറഞ്ഞതുമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ ; | (എ, ബി & സി) കുടിയേറ്റ നിയമങ്ങളുമായി ബന്ധപ്പെട്ട് പ്രവാസി മലയാളികൾ വിഷമങ്ങൾ നേരിടുന്നതായും ആയതിന് പരിഹാരമായി എമിഗ്രേഷൻ ആക്ടിൽ വേണ്ട ഭേദഗതികൾ വരുത്തണമെന്നും പ്രവാസി കേരളീയർ പല വേദികളിലും ആവശ്യമുന്നയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിയേറ്റ നിയമം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെട്ടതായതിനാൽ ഇത്തരം കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ മാത്രമേ സംസ്ഥാന സർക്കാരിന് കഴിയുകയുള്ളൂ. ഗൾഫ് രാജ്യങ്ങളിൽ ജോലിക്ക് പോകുന്ന പ്രവാസികളുടെ എണ്ണത്തിന് ആനുപാതികമായ ജീവനക്കാർ എംബസ്സികളിൽ ഇല്ലായെന്നും നിയമിക്കപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ഭാഷ പ്രശ്നമായതിനാൽ ജീവനക്കാരായി പരമാവധി മലയാളികളെ നിയമിക്കണമെന്നതുമായ കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിയമപരമായി വിദേശത്ത് കുടിയേറിയ പ്രവാസികൾ നേരിടുന്ന തൊഴിൽപരവും അല്ലാത്തതുമായ പ്രശ്നങ്ങളിൽ വിദേശ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങൾ സാധാരണ നിലയിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നുണ്ട് എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. |

| | |
|---|---|
| (ഡി) വിദേശ മന്ത്രാലയവുമായി ബന്ധപ്പെട്ട് വിദേശ മലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഏകോപിച്ചുള്ള പ്രവർത്തനം ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിദേശകാര്യ മന്ത്രാലയം, പ്രവാസികാര്യ മന്ത്രാലയം, വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങൾ എന്നിവ മുഖേന ഫലപ്രദമായ നടപടികൾ കേരള സർക്കാർ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ